THE POWER Waves

Monthly Journal of Kerala Electricity Officers Federation

Vol. 12 | NOVEMBER 2009 | No. 10

നീതിനിഷേധം അവസാനിപ്പിക്കുക

പൊതുമേഖലാ ബാങ്കുകളെ കലി ബാധിക്കുന്നു

നോബൽ സമാധാന സമ്മാനം

ഗവൺമെന്റ് കേസ്സുകൾ

Non-Conventional Energy

കവിത – കരീലത്തോൻ

ന്യൂസ്

Earthing

Board Order

അയഥാർത്ഥം (കവിത)

എണ്ണയും എരിതീയും കരുതിയിരിക്കാം

നവഭാരതം സ്വപ്നം കണ്ട നെഹ്റുവിയൻ സങ്കൽപ്പങ്ങൾ ശക്തമായ പൊതുമേഖലാ വ്യവസ്ഥിതിയിൽ അടിയുറച്ച സാമ്പത്തിക ഭദ്രതയായിരുന്നു. ഇല്ലാത്തവനും ഭരണപങ്കാളിത്വം എന്ന മൂർത്തമായ ആശയത്തിന്റെ സീമകൾ അരിഞ്ഞു വീഴ്ത്തപ്പെട്ടിരിക്കുന്നു കേന്ദ്ര സർക്കാരിന്റെ ഓഹരി വിൽപ്പന നയങ്ങളിലൂടെ. ലാഭനഷ്ടങ്ങളുടെ വേലിയേറ്റങ്ങൾ ഉൾക്കൊള്ളാതെ വിറ്റഴിക്കപ്പെടുന്ന ഓഹരികൾക്കൊപ്പം പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഭരണപങ്കാളിത്തവും അന്യവൽക്കരിക്കപ്പെടുന്നു.

ആഗോളീകരണവും കമ്പോളവൽക്കരണവും പെരുമ്പറ കൊട്ടി ഘോഷയാത്ര നടത്തുമ്പോൾ ശോഷണം സംഭവിക്കുന്നത് സമൂഹത്തിന്റെ താഴെത്തട്ടിൽ പരിഗണനയ്ക്കായി പിന്നാമ്പുറങ്ങളിൽ കാതുകൂർപ്പിച്ചിരിക്കുന്നവർക്കാണ്. ഉയർന്നുതാഴുന്ന ഓരോ നിലവിളിയും നൽകുന്ന സന്ദേശം വരുംകാലത്തിന്റെ ദുഃസ്വപ്ന സൂചനകളാണ്.

ഇവിടെ ഇനിയും നശിച്ചിട്ടില്ലാത്ത പ്രതികരണ നാഡികളുമായി ഒരു പറ്റം മാനവർ ഉണർന്നിരിക്കുമ്പോൾ അവരുടെ മുദ്രാവാക്യങ്ങൾക്കു മൂർച്ചയേകാൻ, അവരുടെ വില പറയാത്ത സ്വപ്നങ്ങൾക്കു മികവു കൂട്ടാൻ, അവരുടെ ചക്രവാളങ്ങൾക്ക് നിറവും നിലാവും നൽകുവാൻ, നമുക്കു മുന്നേ നടക്കാം.

“സമരൈക്യത്തിൻ ജ്വാലയുയർത്താൻ
എണ്ണയും എരിതീയും കരുതിയിരിക്കാം.”

❖

THE POWER Waves
Monthly Journal of Kerala Electricity Officers' Federation

Chief Editor
N.V. Joshy

Editorial Board
C.R. Nanukuttan
K. Sasi
M. Manilal
R. Appukuttan
Chandran Kannamchery
S. Babukutty

Manager
G. Vikraman Pillai, A.A.O.,
Regional Audit Office, KSEB,
Kottarakkara.
PH: 9895154523

Asst. Manager
C. Ramachandran Nair
SS, Ele. Section, Karamana

Committee Members
K. Radhakrishnan Nair
Trivandrum (Dist. Secretary)

V. Surendran
SS, Ele. Division, Power House,
Trivandrum

Type setting & Layout
T.R. NIBIN

Contents

എഡിറ്റോറിയൽ
നീതിനിഷേധം അവസാനിപ്പിക്കുക 3



5 **പൊതുമേഖലാ ബാങ്കുകളെ കലി ബാധിക്കുന്നു**

നോബൽ സമാധാന സമ്മാനം 7

10 **ഗവൺമെന്റ് കേസുകൾ**

Non-Conventional Energy 11

16 **കവിത – കരീലത്തേൻ**

News 17

18 **Earthing**

Board Order 21

22 **കവിത – അയഥാർത്ഥം**

For Correspondence: Editor, The Power Waves, Kerala Electricity Officers Federation,
Chitharanjan Smarakom, Thycaud, Thiruvananthapuram-695 014, Phone/Fax : 0471-2332772

Views expressed in articles published in the **'Power Waves'** may not necessarily be the views of the Federation.
'Power Waves' however, welcomes free expression of divergent views and exchange of ideas through its pages.

എഡിറ്റോറിയൽ

ശമ്പള പരിഷ്ക്കരണം - വിരമിക്കൽ തീയതി - പെൻഷൻ അവകാശങ്ങൾ:

നീതിനിഷേധം അവസാനിപ്പിക്കുക

വൈദ്യുതി ബോർഡിലെ സേവന-വേതന വ്യവസ്ഥകളുടെ കരാർ അവസാനിച്ചിട്ട് ഒന്നര വർഷം കഴിയാറായി. പുതിയ കരാർ നടപ്പാക്കാനായി ചർച്ചകൾപോലും തുടങ്ങിയിട്ടില്ല. മുൻ കരാർ ഒപ്പിടുന്ന സമയത്ത്, അടുത്ത കരാർ യഥാസമയത്തുതന്നെ ഉണ്ടാവും എന്ന് വൈദ്യുതി മന്ത്രി ശ്രീ. എ.കെ. ബാലൻ ഉറപ്പു നൽകിയിരുന്നതാണ്. കൂടുതൽ കാലതാമസമുണ്ടാവാതെ പുതിയ കരാറിനുള്ള നടപടികൾ ആരംഭിക്കുകയും മുൻ കരാറിൽ കടന്നുകൂടിയ അപാകതകൾ പരിഹരിച്ചുകൊണ്ട് പുതിയ ശമ്പളപരിഷ്ക്കരണ ഉത്തരവ് ഉണ്ടാവുകയും ചെയ്യേണ്ടത് ആവശ്യമാണ്.

വൈദ്യുതി ബോർഡിലേതുപോലെയുള്ള ആനുകൂല്യങ്ങൾ തങ്ങൾക്കും വേണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാർ ജീവനക്കാർ സമരം ചെയ്യുന്ന സാഹചര്യമാണ് മുമ്പുണ്ടായിരുന്നത്.

“വൈദ്യുതിബോർഡിൽ, ട്രാൻസ്പോർട്ടിൽ
വേതനവർദ്ധന നൽകുമ്പോൾ
ഞങ്ങൾക്കെന്തീ അവഗണന

പറയൂ, പറയൂ, സർക്കാരെ” എന്നായിരുന്നു അന്നു സമരം ചെയ്യുന്ന സർക്കാർ ജീവനക്കാർ മുദ്രാവാക്യം വിളിച്ചിരുന്നതെങ്കിൽ, “സർക്കാർ ജീവനക്കാർക്കു നൽകുന്നതുപോലെ ഞങ്ങൾക്കും തരണം” എന്നു ദയനീയമായി ആവശ്യപ്പെടുന്ന ഗതികേടിലേയ്ക്ക് ബോർഡിലെ സാഹചര്യം മാറി. മാസ്റ്റർ സ്കെയിലിന്റെ മിനിമം കുറഞ്ഞു പോയതും (സർക്കാരിൽ 5225, ബോർഡിൽ 4990) ഗ്രേഡ് പ്രമോഷന്റെ കാലയളവ് കുറയാതിരിക്കുന്നതും (ഗവൺമെന്റിൽ 8, 15, 22, ബോർഡിൽ 10, 18, 25) ചില ഉദാഹരണങ്ങൾ മാത്രം.

സംസ്ഥാന ജീവനക്കാർ കേന്ദ്രപാരിറ്റിക്കായി മുദ്രാവാക്യം ഉയർത്തിയ കാലം വൈദ്യുതി ജീവനക്കാർ ആവശ്യപ്പെട്ടിരുന്നത് കേന്ദ്ര വൈദ്യുതി മേഖലയിലെ ശമ്പള ഘടനയായിരുന്നു എന്നത് ഇന്ന് ആരെങ്കിലും ഓർക്കുന്നുണ്ടോ? ഗവൺമെന്റ് സർവ്വീസിൽ എൽ.ഡി. ക്ലാർക്കാവാൻ എസ്.എസ്.എൽ.സി. യോഗ്യത മതിയായിരുന്നപ്പോൾ ബോർഡിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ ആവാൻ ഡിഗ്രി വേണമായിരുന്നു. കാറ്റും മഴയും മിന്നലും കൂസാതെ അപകടകരമായ മേഖലയിലാണ് ഫീൽഡ് സ്റ്റാഫ് പണിയെടുക്കുന്നത്. ഇവരുടെയെല്ലാം ജോലിഭാരവും ഉത്തരവാദിത്വങ്ങളും ഓരോ തവണയും വർദ്ധിപ്പിച്ചുകൊണ്ടുമാണ് ബോർഡിൽ ശമ്പള പരിഷ്ക്കരണം നടപ്പാക്കിയിട്ടുള്ളത്. ഈ പശ്ചാത്തലത്തിൽ മാത്രം ബോർഡ് ജീവനക്കാർ നേടിയെടുത്ത മെച്ചപ്പെട്ട വേതന ഘടനയാണ് സർക്കാർ ജീവനക്കാരുടേതിനു തുല്യമായോ അതിനു താഴെയോ പിടിച്ചുനിർത്താൻ ശ്രമം നടക്കുന്നത്.

കേരള സർവ്വീസ് ചട്ടങ്ങളിൽ ഉണ്ടാവുന്ന ഏതു പരിഷ്ക്കാരവും, മറ്റൊരുത്തരവില്ലാതെ വൈദ്യുതി ബോർഡിലും ബാധകമായിരിക്കുമെന്ന് ഉത്തരവു നിലവിലുണ്ട്. എന്നാൽ, ദോഷകരമായ വ്യവസ്ഥകൾ ഒന്നൊന്നായി ബോർഡ് ജീവനക്കാർക്കു ബാധകമാക്കുകയും അതിലെ ഗുണകരമായ വശങ്ങൾ അവർക്കു നൽകാതിരിക്കുകയും ചെയ്യുന്ന പ്രവണതയാണ് ഇന്നുള്ളത്. ഇത്തരം ഇരട്ടത്താപ്പ് നയം ജീവനക്കാരുടെ ആത്മവീര്യം കെടുത്താനേ സഹായിക്കൂ.

റിട്ടയർമെന്റ് തീയതി മാർച്ച് മുപ്പത്തിഒന്നായി ഏകോപിപ്പിച്ചുകൊണ്ട് കെ.എസ്.ആർ

ഭേദഗതി വരുത്തിയപ്പോൾ, ആ ഭേദഗതി വൈദ്യുതിബോർഡിൽ ബാധകമല്ലെന്ന് ഉത്തരവിറക്കാൻ ബോർഡും ഗവൺമെന്റും വ്യഗ്രതകാട്ടി. സാമാന്യനീതിക്കു നിരക്കാത്ത ഈ വിവേചനത്തിനെതിരെ കോടതിയെ സമീപിക്കാൻ ജീവനക്കാർ നിർബന്ധിക്കപ്പെടുന്ന അവസ്ഥ ഉണ്ടായി.

ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണത്തോടനുബന്ധിച്ച് നടത്തേണ്ടിയിരുന്ന പെൻഷൻ പരിഷ്ക്കരണം മനഃപൂർവ്വം വൈകിപ്പിച്ച് പ്രായമായ പെൻഷൻകാരെ സമരപാതയിലേയ്ക്ക് തള്ളിവിട്ടതും നാം കണ്ടതാണ്. ഒൺ റാങ്ക് ഒൺ പെൻഷൻ, പെൻഷൻ ഡ്രോപ്പ് പരിഹരിക്കൽ, ഗ്രാറ്റിവിറ്റി കുടിശ്ശിക നൽകൽ തുടങ്ങിയ പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. നീതി വൈകിപ്പിക്കുന്നത് നീതി നിഷേധിക്കുന്നതിനു സമമാണ്. സർവ്വീസ് പെൻഷൻ ചട്ടങ്ങളനുസരിച്ച് ബോർഡിലെ പെൻഷൻകാരുടെ അവകാശങ്ങൾ നൽകാതിരിക്കുന്നത് നീതിനിഷേധം മാത്രമല്ല, മനുഷ്യത്വരഹിതവുമാണ്.

ശമ്പള പരിഷ്ക്കരണം, വിരമിക്കൽ തീയതി ഏകീകരിക്കൽ, പെൻഷൻകാരുടെ പ്രശ്നങ്ങൾ പരിഹരിക്കൽ എന്നീ വിഷയങ്ങളിൽ നീതിപൂർവ്വമായ നടപടികൾ കാലവിളംബമില്ലാതെ ഉണ്ടാവണമെന്ന് ഫെഡറേഷൻ ആവശ്യപ്പെടുന്നു.

❖

കേരള ഇലക്ട്രിസിറ്റി ഓഫീസേഴ്സ് ഫെഡറേഷൻ കോഴിക്കോട് ജില്ലാ ജനറൽ ബോഡി

കോഴിക്കോട് ജില്ലാ ജനറൽ ബോഡി 12-10-2009 ന് നടന്നു. ജനറൽ ബോഡി 12-10-2009 ന് നടന്നു. ജനറൽ ബോഡി സംസ്ഥാന സെക്രട്ടറിയേറ്റംഗം എസ്. വിജയൻ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന സെക്രട്ടറി ശ്രീ. റ്റി. ശ്രീഹരി, ജില്ലാ സെക്രട്ടറി ശ്രീ. പി. സുരേന്ദ്രനാഥ്, ശ്രീ. കെ.ജി. മധുകുമാർ, സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി മൈക്കിൾ ജോസഫ് എന്നിവർ പ്രസംഗിച്ചു.

പൊതുമേഖലാ ബാങ്കുകളെ കലി ബാധിക്കുന്നു

ജി. വിക്രമൻപിള്ള

ഇന്ത്യൻ പൊതുമേഖലാ ബാങ്കുകളുടെ മൂലധനാടിത്തറ മെച്ചപ്പെടുത്താനെന്നപേരിൽ ലോകബാങ്കിൽ നിന്നും മൂന്നു ബില്യൻ ഡോളർ (ഏകദേശം 15,000 കോടി) രൂപ വായ്പ എടുക്കാനുള്ള തീരുമാനത്തിന്റെ മറുവശങ്ങൾ.

നിഷധ രാജാവായിരുന്ന നളനെ കള്ളച്ചൂതിൽ തോൽപ്പിച്ച് രാജ്യം പിടിച്ചെടുക്കാനും രാജാവിനെ ആട്ടിപ്പായിക്കാനുമായി നളന്റെ അനുജനായ പുഷ്കരനും കൂട്ടാളിയായ കലിയും കൂടി നടത്തുന്ന ഉപജാപത്തിന്റെ കഥ മഹാഭാരതത്തിലുണ്ട്. മഹാ ധാർമ്മികനും പ്രജാക്ഷേമതൽപരനുമായിരുന്ന നളന്റെ മേൽ പ്രവേശിക്കുവാനായി ദുഷ്ടാത്മാവായ കലി പന്ത്രണ്ടു വർഷം നിരന്തര ശ്രമം നടത്തി. ഒരിക്കൽ, ആകസ്മികമായി കാൽ കഴുകാതെ സന്ധ്യാവന്ദനം ചെയ്ത സമയത്ത് കലി നളനിൽ പ്രവേശിക്കുകയും അതുവഴി കള്ളച്ചൂതിൽ തോൽപ്പിക്കുകയുമാണുണ്ടായത്.

സമാനമായ സംഭവവികാസമാണ് ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകളുടെ കാര്യത്തിൽ സംഭവിക്കുന്നത്. സമീപകാലത്തുണ്ടായ ആഗോള സാമ്പത്തിക തകർച്ചയിൽ പിടിച്ചുനിൽക്കാൻ ഇന്ത്യയെ സഹായിച്ചത്, ശക്തമായ അടിത്തറയുള്ള പൊതുമേഖലാ ബാങ്കുകളായിരുന്നു. ലെഹ്മാൻ ബ്രദേഴ്സ് ഉൾപ്പെടെ നൂറോളം അമേരിക്കൻ ബാങ്കുകൾ തകർന്നപ്പോഴും ഇന്ത്യൻ ബാങ്കുകൾ ഭദ്രമാണ്. ഇവയിൽ കടന്നുകയറി നിയന്ത്രണം സ്ഥാപിക്കാനുള്ള നവകൊളോണിയൽ മൂലധനശക്തികളുടെ ശ്രമം ഒടുവിൽ വിജയം കണ്ടിരുന്നു. ഇന്ത്യൻ ബാങ്കുകളുടെ മൂലധന അടിത്തറ വികസിപ്പിക്കാനെന്ന പേരിൽ ലോകബാങ്കിൽ നിന്നും മൂന്നു മില്യൻ ഡോളർ (ഏകദേശം 1500 കോടി രൂപ) കടമെടുക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിരുന്നു.

രണ്ടാം ലോക മഹായുദ്ധത്തിന്റെ കാലംവരെ, തോക്കിന്റെയും പട്ടാളത്തിന്റെയും ശക്തി ഉപയോഗിച്ച് രാജ്യങ്ങളെ കീഴടക്കി സമ്പത്ത് കൊള്ളയടിക്കുകയാണു ചെയ്തിരുന്നതെങ്കിൽ, നവകൊളോണിയൽ അധിനിവേശം മൂലധന കയറ്റുമതിയിലൂടെയാണ്. വായ്പകളുടേയും സാമ്പത്തിക സഹായങ്ങളുടേയും രീതിയിൽ സ്വതന്ത്രരാജ്യങ്ങളുടെ സമ്പദ്വ്യവസ്ഥയിൽ കടന്നു കൂടുകയും സ്വാധീനശക്തിയായി വളർന്ന് ലാഭം ഊറ്റിക്കൊണ്ടു പോവുകയും ചെയ്യുകയാണ് പുതിയ രീതി. ലോകബാങ്കും അന്തർദേശീയ നാണയനിധിയും ഏഷ്യൻ വികസന ബാങ്കും അന്തർദേശീയ നാണയ നിധിയും മറ്റും ഇതിനുള്ള ഏജൻസികൾ മാത്രം. ഇന്ത്യൻ സമ്പദ്ഘടനയിൽ ഇപ്പോൾ തന്നെ നവ കൊളോണിയൽ ശക്തികളുടെ സ്വാധീനം പ്രകടമാണ്. പൊതുമേഖലാ ബാങ്കുകളെക്കൂടി സ്വാധീനത്തിൽപ്പെടുത്താൻ സഹായിക്കുന്നതാണ് കേന്ദ്രഗവൺമെന്റിന്റെ മേൽപറഞ്ഞ തീരുമാനം.

യഥാർത്ഥത്തിൽ ഇന്ത്യൻ പൊതുമേഖലാ ബാങ്കുകൾക്ക് മൂലധന വ്യാപനത്തിന് പുറമേ നിന്നു സഹായം ആവശ്യമാണോ? ഈ ബാങ്കുകൾക്കെല്ലാം മതിയായ മൂലധന ശേഷിയുണ്ടെന്നതാണു വാസ്തവം. ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിച്ച് വായ്പയെടുക്കാനുള്ള അവരുടെ കഴിവ് വർദ്ധിപ്പിക്കുകയാണ് വേണ്ടത്. ഇനി, മൂലധന ശേഷി വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്നു അംഗീകരിച്ചാൽ തന്നെ, അത് ലോക ബാങ്കിൽ നിന്നുതന്നെ വേണമെന്നുണ്ടോ? കേന്ദ്ര

ഗവൺമെന്റിന് ഭേദപ്പെട്ട വിദേശനാണ്യ ശേഖരമുണ്ട്. ഇരുന്നൂറു ടൺ സ്വർണ്ണം ലോകബാങ്കിൽ നിന്നും വിലയ്ക്കു വാങ്ങാൻ ഇന്ത്യക്കു കഴിഞ്ഞതും ഈ ശേഖരത്തിന്റെ ശക്തി കാട്ടുന്നതാണ്. ഈ ശേഖരത്തെ ലാഭകരമായി വഴിനടത്തി ബാങ്കുകളുടെ മൂലധനശേഷി വർദ്ധിപ്പിക്കാവുന്നതാണ്. ഈയിടെ ചൈനയിലെ ഏറ്റവും വലിയ ബാങ്കുകളായ ഇൻഡസ്ട്രിയൽ ആന്റ് കൊമേഴ്സ്യൽ ബാങ്ക് ഓഫ് ചൈന, ബാങ്ക് ഓഫ് ചൈന, ദി ചൈന കൺസ്ട്രക്ഷൻ ബാങ്ക് എന്നീ പ്രധാന ബാങ്കുകൾ ഈ രീതിയിലാണ് മൂലധനശേഷി വർദ്ധിപ്പിച്ചത്. നിക്ഷേപകരിൽ നിന്നും ഓഹരി സമാഹരിച്ചും മൂലധനാടിത്തറ വികസിപ്പിക്കാവുന്നതേയുള്ളൂ.

അന്തർദേശീയ മാനദണ്ഡമനുസരിച്ച് മൂലധനത്തിന്റെയും നഷ്ടസാധ്യതയുള്ള ആസ്തിയുടേയും അനുപാതം (Capital to Risk - Weighted Assets Ratio-CRAR)-ഇതിനെ ''ബാസൽ സ്റ്റാന്റേർഡ്സ്" എന്നു പറയുന്നു - വളരെ മെച്ചപ്പെട്ട നിലയിലാണ്. അപ്രതീക്ഷിത നഷ്ടങ്ങളെ നേരിടാനുള്ള വകയിരുത്തലാണ് ബാസൽ റിസർവ്വ്. ഇത്, മാനദണ്ഡങ്ങൾ അനുസരിച്ച് മൊത്തം മൂലധനത്തിന്റെ ഒൻപതു ശതമാനം ആയിരിക്കണം. ഇന്ത്യൻ ബാങ്കുകളുടെ ഈ കരുതൽ ശേഖരം താഴെ പറയുന്ന രീതിയിലാണ്.

3/2007	-	12.3%
3/2008	-	13%
3/2009	-	13.2%

ഈ ബാങ്കുകളുടെ ഇപ്പോഴുള്ള മൂലധനാടിത്തറയുമായി താരതമ്യം ചെയ്യുമ്പോൾ, ലോകബാങ്കിൽ നിന്നും എടുക്കാൻ പോരുന്ന വായ്പയായ മൂന്നു ബില്യൻ ഡോളർ (ഏകദേശം 15,000 കോടി രൂപ) തീരെ ചെറിയ സംഖ്യയാണ്. തുകയുടെ വലുപ്പമല്ല, നയത്തിന്റെ വ്യതിയാനമാണ് പ്രധാനം എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

ശക്തമായ ഗവൺമെന്റ് നിയന്ത്രണമുള്ള ഭാരതീയ ബാങ്കുകളിൽ കയറിക്കൂടി നിയന്ത്രണം സ്ഥാപിക്കാൻ സാമ്രാജ്യത്വശക്തികൾ ദശവത്സരങ്ങളായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ബാങ്കിംഗ് മേഖലയെ ഉദാരീകരണത്തിലേയ്ക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ രണ്ടു കമ്മിറ്റികളെ ഗവൺമെന്റ് നിയോഗിച്ചിരുന്നു. "രഘുരാമൻ കമ്മറ്റി"യും "പേഴ്സി മിശ്ര കമ്മറ്റി"യും. വ്യാപകമായ പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ, ആ കമ്മറ്റികളുടെ നിർദ്ദേശങ്ങളൊന്നും നടപ്പാക്കാൻ ഇതുവരെ കഴിഞ്ഞിരുന്നില്ല. ഉദാരീകരണ വീരന്മാരടെ നിരന്തരമായ കടന്നുകയറ്റമാണ് ഇപ്പോൾ വിജയം കണ്ടിരിക്കുന്നത്. ഇന്ത്യൻ ബാങ്കിംഗ് മേഖലയുടെ ശിഥിലീകരണത്തിനു മാത്രമേ ഈ നീക്കം സഹായിക്കുകയുള്ളൂ.

എറണാകുളം ജില്ലാ ജനറൽ ബോഡിയോഗം

കേരള ഇലക്ട്രിസിറ്റി ഓഫീസേഴ്സ് ഫെഡറേഷൻ എറണാകുളം ജില്ല ജനറൽ ബോഡി യോഗം 20-10-2009 ന് നടന്നു. ജില്ലാ പ്രസിഡന്റ് പി.ജി. വർഗ്ഗീസ് അദ്ധ്യക്ഷനായിരുന്നു. സംഘടനാ മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്. ബാബുക്കുട്ടി ജനറൽ ബോഡി ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി ശ്രീ. ആർ. അപ്പുക്കുട്ടൻ കേന്ദ്രകമ്മിറ്റി റിപ്പോർട്ടിംഗ് നടത്തി. സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി ശ്രീ. പി. എം. സെയ്ദ് മുഹമ്മദ് വർക്കേഴ്സ് ഫെഡറേഷൻ സെക്രട്ടേറിയറ്റംഗം സ: ജേക്കബ്ബ് ലാസ്സർ തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലാകമ്മിറ്റി റിപ്പോർട്ടിംഗ് ജില്ലാസെക്രട്ടറി എൻ. മണിലാൽ നടത്തി.

നോബൽ സമാധാനസമ്മാനവും ഒബാമയും: വിശകലനം

-പ്രസാദ് പി.സി.-

അമേരിക്കൻ പ്രസിഡന്റ് ബാരക് ഹുസൈൻ ഓബാമയ്ക്കു കഴിഞ്ഞ വർഷത്തെ സമാധാന ത്തിനുള്ള

നോബൽ സമ്മാനം നൽകിയതു അമ്പരപ്പോ ടെയും ആശങ്കയോടെയും അത്ഭുതത്തോടെയു മാണ് ശ്രവിച്ചത്. അമ്പരപ്പിനും ആശങ്കയ്ക്കും കാരണം ഒബാമ ഇപ്പോഴും വൻ ശക്തിയും യു. എൻ. സെക്യൂരിറ്റി കൗൺസിലിലെ അംഗവുമായ അമേരിക്കയുടെ പ്രസിഡന്റാണ് എന്നതാണ്. അത്ഭുതത്തിനു കാരണം ഒബാമയ്ക്കു ഈ സമ്മാനം ലഭിച്ചതും. സമാധാനത്തിനുള്ള നോബൽ സമ്മാനം പലപ്പോഴും വിവാദവിഷയ മാണ്. അർഹതയുള്ളവർക്കു ലഭിക്കാതിരിക്കു ന്നതും അനർഹർക്കു ലഭിക്കുന്നതുമാണ് ഈ സമ്മാനത്തെ വിവാദമാക്കുന്നത്. ഒബാമ ഈ സമ്മാനം ലഭിക്കുവാൻ അർഹനാണോ? ഇല്ലാ യെന്ന് മാത്രമല്ല ഈ ബഹുമതി ഒബാമയ്ക്കു ലഭിക്കുക വഴി ഒബാമയും അമേരിക്കയും ലോകവും ആശങ്കപ്പെടേണ്ടതായിട്ടുമുണ്ട്. അതാണ് ഈ ലേഖനത്തിന്റെ ആധാരം. ഈ സമ്മാനം ലഭിക്കുന്ന മൂന്നാമത്തെ അമേരിക്കൻ പ്രസിഡന്റാണ് (പദവിയിലിരിക്കുമ്പോൾ തന്നെ) ഒബാമ. തിയോഡർ റൂസ്‌വെൽറ്റും, വുഡ്രോ വിത്സനുമാണ് മറ്റു രണ്ടുപേർ. പ്രസിഡന്റു തിര ഞ്ഞെടുപ്പു പ്രചരണവേളയിൽ നെഞ്ചിൽ തറച്ച വെടിയുണ്ടയുമായി രണ്ടു മണിക്കൂറോളം പ്രസം ഗിച്ച വ്യക്തിയാണ് റൂസ് വെൽറ്റ്. യു.എൻ. എന്ന ലോകസംഘടനയ്ക്കു രൂപം നൽകിയ വ്യക്തി യാണ് വുഡ്രോ വിത്സൺ. ഒരു സൈദ്ധാന്തികൻ കൂടിയായ വുഡ്രോ വിത്സന്റെ ആശയങ്ങൾ ലോകമാകെയുള്ള യൂണിവേഴ്സിറ്റികളിൽ പഠ നവിഷയമാണ്. നോബൽ സമ്മാനത്തിനു തികച്ചും അർഹമായ വുഡ്രോ വിത്സനെ വില യിരുത്തുമ്പോൾ ഒബാമ അർഹത ഇനിയും തെളിയിക്കേണ്ടിയിരിക്കുന്നു.

1895-ൽ വിഖ്യാത ഭൗതികശാസ്ത്രജ്ഞ നായിരുന്ന ആൽഫ്രഡ് നോബലിന്റെ ഒസ്യത്തു പ്രകാരമുള്ള അഞ്ച് നോബൽ പ്രൈസുകളിൽ ഒന്നാണ് സമാധാനത്തിനുള്ളത്. സ്വീഡനു പുറത്തു തീരുമാനിക്കുന്ന ഒരേയൊരു സമ്മാന മാണ് ഇത്. നോർവേയ്ക്കാണ് ഈ ബഹുമതി. സമാധാനത്തിനുള്ള നോബൽ സമ്മാനത്തിനു പരിഗണിക്കാൻ ലോകസമാധാനത്തിനുവേണ്ടി സംഭാവന ചെയ്തിട്ടുണ്ടായിരിക്കണമെന്നതാണ് മാനദണ്ഡം. നോർവീജിയൻ നോബൽസമ്മാന ക്കമ്മിറ്റി പക്ഷപാതപരമായ ചില രാഷ്ട്രീയ അജ ണ്ഡയുടെ അടിസ്ഥാനത്തിലും സമാധാനത്തി നുള്ള നോബൽ സമ്മാനം നൽകി മുമ്പും വിവാ ദമായിട്ടുണ്ട്.

ഇപ്പോൾ ഒബാമയ്ക്കു ഈ സമ്മാനം നൽകിയതു അദ്ദേഹം ലോകസമാധാനത്തിനു വേണ്ടി എന്തെങ്കിലും സംഭാവന ചെയ്ത തുകൊണ്ടല്ല, അതിനുള്ള ശ്രമങ്ങൾ നടത്തുന്ന തുകൊണ്ടാണ്. അമേരിക്കൻ പ്രസിഡന്റായി സത്യപ്രതിജ്ഞ ചെയ്ത് കേവലം 10 ദിവസ ങ്ങൾക്കകം തന്നെ ഒബാമയുടെ പേര് നോബൽ സമ്മാനത്തിനു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. സത്യപ്രതിജ്ഞ ചെയ്തത് 2009 ജനുവരി 20 നും ഈ സമ്മാനത്തിനുള്ള നോമിനേഷനുള്ള അവ സാന തീയതി 2009 ഫെബ്രുവരി 1-നുമായിരു ന്നു. കേവലം 10 ദിവസംകൊണ്ട് പ്രസിഡന്റ് ഒബാമയുടെ നടപടികൾ പൂർത്തിയായിട്ടുണ്ടാ യിരുന്നോ. അപ്പോൾ പ്രസിഡന്റായി എന്തെ ങ്കിലും സംഭാവമ അദ്ദേഹം ചെയ്തതുകൊണ്ട ല്ല. അതു വിലയിരുത്താനുള്ള കാലമായില്ല. പ്രസിഡന്റ് പദവിയിലേയ്ക്കു മത്സരിക്കുന്നതി നുമുമ്പ് ഒബാമ ലോകസമാധാനത്തിനു വലിയ സംഭാവന ചെയ്തതായി തെളിവില്ല. അദ്ദേഹ

ത്തിന്റെ ഗംഭീര പ്രസംഗങ്ങളും വാഗ്ദാനങ്ങളും ഒഴിച്ച് എന്നതാണ് ശരി. അപ്പോൾ ഒബാമയ്ക്കു ഇപ്പോൾ ഈ സമ്മാനം നൽകിയതും നേരത്തെയായില്ലേ. അതാണ് ആശങ്കയ്ക്കു കാരണം.

ഭരണാധികാരികൾക്കും അല്ലാത്തവർക്കും ഈ സമ്മാനം ലഭിക്കുന്നതു പ്രത്യേകം വിലയിരുത്തപ്പെടേണ്ടതാണ്. അതിശക്തൻമാരായ ഭരണാധികാരികൾക്ക് ലോകം നിയന്ത്രിക്കാനും ചരിത്രം തിരുത്തിയെഴുതാനും കഴിഞ്ഞിട്ടുണ്ടെന്ന് ചരിത്രം പഠിപ്പിക്കുന്നു. 1953-ൽ നോബൽ സമ്മാനാർഹനായ ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൻ ചർച്ചിൽ ഉദാഹരണം. രണ്ടാം ലോകമഹായുദ്ധം നാസി-ഫാസിസ്റ്റു അച്ചുതണ്ട് ജയിച്ചിരുന്നെങ്കിൽ ലോകചരിത്രം ഇന്നത്തേതായിരിക്കില്ലായിരുന്നു. ഭൂമിയിലെ ഓരോ ഇഞ്ചും വിറങ്ങലിച്ചു നിന്നതായിരുന്നു രണ്ടാംലോകമഹായുദ്ധം. ഒരു ഭാഗത്തു ഹിറ്റ്ലറും മുസ്സോളിനിയും ജപ്പാനും യുദ്ധത്തിൽ പരാജയപ്പെട്ട് കീഴടങ്ങുമ്പോൾ, മറുഭാഗത്ത് ലോകത്ത് ജനാധിപത്യം പുനസ്ഥാപിച്ച ശക്തികളിൽ ബ്രിട്ടനും ചർച്ചിലുമുണ്ടായിരുന്നു. പക്ഷേ, ചർച്ചിലിനു നോബൽ സമ്മാനം ലഭിച്ചതു സാഹിത്യത്തിനുള്ള സംഭാവന പരിഗണിച്ചായിരുന്നു. ചർച്ചിൽ എഴുതിയ ആറ് വോളിയമുള്ള "The Second World War" എന്ന കൃതിയെ മുഖ്യമായും പരിഗണിച്ചാണ് ഈ സമ്മാനം നൽകിയത്. രണ്ടാംലോകമഹായുദ്ധം ലോകമാകെ ജനാധിപത്യ ശക്തികളെ പ്രചോദനം കൊള്ളിച്ചിരുന്നു. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിക്കാൻ രണ്ടാംലോകമഹായുദ്ധത്തിന്റെ ഗതിവിഗതികളും കാരണമായിരുന്നതു വസ്തുതയാണ്. സമാധാനത്തിനുള്ള നോബൽ സമ്മാനമാണ് ചർച്ചിലിനു ലഭിച്ചിരുന്നെങ്കിൽ ഇത്യാമഹാരാജ്യത്തിലെ ജനങ്ങൾ അതു പൊറുക്കില്ലായിരുന്നു. കാരണം, ഇന്ത്യക്കു സ്വാതന്ത്ര്യം നൽകാനല്ല ബ്രിട്ടൻ തന്നെ പ്രധാനമന്ത്രിയാക്കിയതു എന്ന് ചർച്ചിൽ വിളിച്ചു പറഞ്ഞത് ഇന്ത്യയ്ക്ക് മറക്കാൻ കഴിയില്ലായിരുന്നു. പക്ഷേ, ചർച്ചിലിന്റെ കൂടിയുള്ള നേതൃത്വമാണ് രണ്ടാം ലോകമഹായുദ്ധം ജയച്ചത്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുവാൻ അതുകൂടെ കാരണമായി എന്നത് ചരിത്രത്തിന്റെ പാഠമാണ്. In 'The Hinges of fate' I described tha decessive change for the better in our fortunes, which lighted winter of 1942 and the spring of 1943 എന്നു ചർച്ചിൽ കുറിച്ചിട്ടതു ഇന്ത്യയുടെ ഭാവികൂടിയായിരുന്നു.

ലോകചരിത്രത്തിൽ ഈ സമ്മാനത്തിനു ഏറ്റവും അർഹനായ ഒരു വ്യക്തിക്ക് ഈ സമ്മാനം നൽകിയിട്ടില്ല. ആധുനിക മനുഷ്യന് അഹിംസയുടെ ശക്തി തെളിയിച്ചുകൊടുത്ത മഹാത്മാഗാന്ധിയായിരുന്നു അത്. 5 പ്രാവശ്യം നോമിനേറ്റു ചെയ്യപ്പെട്ടു. 1948-ൽ മരിക്കുമ്പോൾ ഗാന്ധിജിക്ക് ഈ ബഹുമതി നൽകാൻ ആലോചിച്ചിരുന്നെങ്കിലും മരണാനന്തരമായതിനാൽ തിരസ്ക്കരിക്കപ്പെട്ടു. ആ വർഷം മറ്റാർക്കും അതു നൽകിയതുമില്ല. 1991 -ൽ ഈ സമ്മാനത്തിനർഹയായ ആൻസാൻ സൂകിയി ഇപ്പോഴും സ്വന്തം രാജ്യത്തു തടങ്കലിലാണ്. 1990-ൽ സോവിയറ്റു നാടുകളുടെ പ്രസിഡന്റായിരുന്ന ഗോർബച്ചേവിനു സമാധാനത്തിനുള്ള നോബൽ സമ്മാനം നൽകുക വഴി ലോകഭൂപടം തന്നെ മാറ്റിമറിക്കപ്പെട്ടതു ചരിത്രം. അതുവരെ ലോകം രണ്ടു ചേരികളിലായിരുന്നതു അതിനു ശേഷം ഒരു ചേരി മാത്രമായി. 1991 -ൽ സോവിയറ്റു നാടുകളിൽ വിഘടനവാദം ശക്തിപ്രാപിച്ചപ്പോൾ സമാധാനത്തിനുള്ള നോബൽ സമ്മാനം വാങ്ങിയ ഗോർബച്ചേവിന് സൈന്യത്തെ നിയോഗിക്കാനുള്ള ആന്തരിക ചോദന നഷ്ടമായതു വൈയക്തികമാണ്. സമാധാനത്തിനുള്ള നോബൽ സമ്മാനം കിട്ടാതിരുന്നുവെങ്കിൽ ഒരു പക്ഷേ ഗോർബച്ചേവിന് സൈന്യത്തെ നിയോഗിച്ച് കലാപം അടിച്ചമർത്തി സോവിയറ്റു യൂണിയൻ പല രാജ്യങ്ങളായി വിഘടിക്കുന്നതിൽ നിന്ന് തടയാമായിരുന്നു. ഗോർബച്ചേവിന് കിട്ടിയ സമ്മാനം ഒരു കെണിയായിരുന്നോ? രാജ്യങ്ങൾ പുനസൃഷ്ടീകരിക്കപ്പെട്ടതും ജനാധിപത്യം സ്ഥാപിക്കപ്പെട്ടതും കെണിയായി കാണുമോ?

ഒബാമയ്ക്കു നോബൽ സമ്മാനം അപ്രകാരം ഒരു കെണിയായി കരുതാമോ എന്നതാണ് ഇവിടെ പ്രസക്തമാകുന്നത്. ലോകം മുമ്പെങ്ങുമെന്നതിനേക്കാൾ സങ്കീർണമാണ് ഇന്ന്. അതിർത്തികൾ പലതും യുദ്ധസജ്ജമാ

യിരിക്കുന്നു. ലോകത്ത് സമാധാനാന്തരീക്ഷം നഷ്ടമായിരിക്കുന്നു. രാഷ്ട്രീയ, സാമ്പത്തിക, ആശയപരമായ കാരണങ്ങൾക്കപ്പുറം പ്രശ്നങ്ങൾ സങ്കീർണ്ണമായിട്ടുണ്ട്. സ്പെൻസറിന്റെയും ഡാർവിന്റെയും സിദ്ധാന്തങ്ങൾക്ക് ശക്തിയേറി വരുന്നു. ആഗോളവൽക്കരണം അതിന്റെ ഭാഗമായിത്തീർന്നു. ജനാധിപത്യമെന്ന ആശയം അപനിർമ്മാണം ചെയ്തു മതേതരജനാധിപത്യമായി ഇന്ത്യയിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ഇതു അസംബന്ധമാണ്. ജനാധിപത്യത്തിനു മതേതരമാകാമെങ്കിൽ മതേതരമല്ലാത്തതുമാകാമല്ലോ. ഒരു മതത്തിലും വിശ്വസിക്കാത്തവർക്ക് മതവിശ്വാസികളുമായി ഒത്തു പോകുന്ന ജനാധിപത്യം ലോകത്തെ സങ്കീർണ്ണമാക്കും. ആണവഭീഷണി ലോകം കൂടുതൽ അരക്ഷിതത്വത്തിലേയ്ക്കു നീങ്ങുകയാണ്. ഇറാൻ പ്രശ്നത്തിൽ ലോകം വിരദ്ധ ചേരിയിലായിരിക്കുന്നു. മതതീവ്രവാദികളുടെ കയ്യിൽ ആണവായുധം കിട്ടിയാൽ എന്തായിരിക്കും സ്ഥിതി. ഇറാൻ, വടക്കൻ കൊറിയ എന്നീ രാഷ്ട്രങ്ങൾ യു.എൻ. നു വെല്ലുവിളിയുയർത്തി മിസ്സൈൽ പരീക്ഷണം നടത്തുന്നു. അണുവായുധ നിർവ്യാപനം ലോകത്ത് അസന്തുലിതാവസ്ഥ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇതു ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. ഇന്ത്യയ്ക്ക് വ്യത്യസ്ത നിലപാട് ആണ് ഇതിനുള്ളത്. ഇസ്രയേലടക്കമുള്ള പശ്ചിമേഷ്യ സങ്കീർണ്ണമായി തുടരുന്നു. ചൈനയാണെങ്കിൽ ഇന്ത്യയടക്കമുള്ള അയൽ രാജ്യങ്ങളിലെ അതിർത്തികളിൽ കടന്നുകയറ്റം നടത്തുന്നു. യൂറോപ്പിൽ മിസൈൽ കവചം നിർമ്മിക്കുന്നതും റഷ്യയുടെ ഇടപെടലും കാസ്പിയൻ കടലിനു ചുറ്റുമുള്ള രാജ്യങ്ങളിലെ വിഘടനവാദവും തീവ്രവാദവും ലോകത്തു കരിനിഴൽ പരത്തുകയാണ്. അമേരിക്കൻ പ്രസിഡന്റായ ഒബാമയെ സംബന്ധിച്ചിടത്തോളം ഇറാക്കും അഫ്ഗാനിസ്ഥാനും ഇപ്പോഴും സങ്കീർണ്ണമായി തുടരുകയാണ്. അഫ്ഗാനിസ്ഥാനിൽ നിന്ന് അമേരിക്കൻ സൈന്യം ഉടനെ മടങ്ങാൻ സാധ്യതയില്ല. ഗോണ്ടാനമോ ജയിലറകൾ അടയ്ക്കുവാനുള്ള തീരുമാനം പൂർത്തിയായിട്ടില്ല. യു.എൻ. സെക്യൂരിറ്റി കൗൺസിലിലെ സ്ഥിരാംഗങ്ങളിൽ ഒന്നായ അമേരിക്കയുടെ ഇടപെടൽ പല കാര്യങ്ങളിലും നിർണ്ണായകമാണ്. ഒരു അടിയന്തിര ഘട്ടത്തിൽ അമേരിക്കയെ ഒബാമയ്ക്കു യുദ്ധസന്നദ്ധമാക്കുവാനുള്ള സാഹചര്യമാണുള്ളതെങ്കിൽ ഈ സമ്മാനം അപ്രസക്തമാവുകയില്ലേ. നിഷ്ക്രിയമായ ഒരു അമേരിക്കയെ വിഭാവന ചെയ്യാൻ കഴിയുമോ? യുദ്ധമില്ലാത്ത ലോകം സ്വപ്നം കാണുന്നവരെപ്പോലെ, യുദ്ധം സ്വപ്നം കാണുന്നവരുമുണ്ട് എന്നതാണ് ആശങ്കയ്ക്കു കാരണം. ❖

യാത്രയയപ്പ്

നല്ലളം 220 കെ.വി. സബ്സ്റ്റേഷനിൽ നിന്നും വിരമിച്ച അസി. എഞ്ചിനീയർ ശ്രീ. ബാലഗോപാലിന് സെക്രട്ടറിയേറ്റംഗം എസ്. വിജയൻ ഉപഹാരം നൽകുന്നു.

ഗവൺമെന്റ് കേസ്സുകൾ നീതിനിർവ്വഹണത്തെ തടസ്സപ്പെടുത്തുന്നു

നിസ്സാര കാര്യങ്ങൾക്കായി ഗവൺമെന്റും ഗവ. സ്ഥാപനങ്ങളും അനാവശ്യമായ നിയമ നടപടികളുമായി കോടതിയെ സമീപിക്കുന്നത് കോടതിയുടെ സാധാരണ നീതിനിർവ്വഹണവഴികളിൽ തടസ്സം സൃഷ്ടിക്കുന്നതായി സുപ്രീംകോടതി വിലയിരുത്തി. (ഹിന്ദു: 13-11-2009)

THE HINDU • FRIDAY, NOVEMBER 13, 2009

"Frivolous government litigation clogs wheels of justice"

Statutory authorities should be responsible litigants: Supreme Court

ആളുകൾക്ക് അർഹതപ്പെട്ട അവകാശങ്ങളെല്ലാം നിയമവിരുദ്ധമാണെന്നും, കഴിയുന്നത്ര അവകാശങ്ങൾ തടഞ്ഞുവയ്ക്കണമെന്നും, എന്തെങ്കിലും അനുവദിക്കുന്നെങ്കിൽ തന്നെ, അതു കോടതി പറഞ്ഞിട്ടു മതി എന്നുമുള്ള തെറ്റായ മുൻധാരണകൾകൊണ്ടാണ് ഗവൺമെന്റും ഗവ. സ്ഥാപനങ്ങളും അനാവശ്യകേസുമായി കോടതിയിൽ എത്തുന്നതെന്ന്, പരമോന്നത കോടതി വിലയിരുത്തി.

കേന്ദ്രഗവൺമെന്റ് കൊടുക്കുന്ന കേസ്സുകളേക്കാൾ കൂടുതലാണ് സംസ്ഥാനങ്ങളിലെ ഗവൺമെന്റും ഗവ. സ്ഥാപനങ്ങളും കൊടുക്കുന്നതെന്നും, ആളുകൾക്കു നൽകേണ്ട അവകാശങ്ങൾ യഥാക്രമം അനുവദിച്ചു നൽകിയും, അതിനു തടസ്സം നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തും കോടതിയുടെ അനാവശ്യ ജോലിഭാരം ഒഴിവാക്കാൻ കോടതി ആവശ്യപ്പെട്ടു.

ബിക്കാനീർ നഗരവികസന ട്രസ്റ്റിന്റെ ഒരു കേസ്സിലാണ് ഈ വിധി പ്രസ്ഥാവിച്ചെതെങ്കിലും, കേരള സംസ്ഥാന വൈദ്യുതി ബോർഡിനും ഈ വിധി ഇണങ്ങുന്നതാണ്. പെൻഷൻകാരുടെ അവകാശപ്പെട്ട ഗ്രാറ്റുവിറ്റി കൊടുക്കാതിരിക്കുന്നതിന് കോടതി കയറി കോടികൾ തുലച്ചുകളയുവാൻ ബോർഡിനു മടിയുണ്ടായില്ല. ഗവൺമെന്റിലേയും ഗവൺമെന്റുടമയിലുള്ള സ്ഥാപനങ്ങളിലേയും വിരമിക്കൽ പ്രായം മാർച്ച് 31 ലേയ്ക്ക് ഏകോപിപ്പിച്ചെങ്കിലും അതു ബോർഡിൽ നടപ്പാക്കേണ്ടാ എന്നു തീരുമാനിച്ചു. പൊതുനീതിക്കു നിരക്കാത്ത ഈ തീരുമാനത്തിലൂടെ ജീവനക്കാരെ കോടതി കയറാൻ നിർബന്ധിച്ചു. ജീവനക്കാരെ വിശ്വാസത്തിലെടുത്ത്, അവരുടെ ആത്മവിശ്വാസവും കർമ്മശേഷിയും വർദ്ധിപ്പിച്ച് സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് ഉപയോഗപ്പെടുത്തുന്നതിന് പകരം അവരെ നീതി നിഷേധിച്ച് നിരാശപ്പെടുത്താനും, അവർ സ്നേഹിക്കുന്ന സ്ഥാപനത്തിനെതിരെ കോടതി കയറുന്നതിലുള്ള മാനസിക വ്യഥ അനുഭവിപ്പിക്കാനും മാത്രമാണ് ഇത്തരം നീതിരഹിതമായ തീരുമാനങ്ങൾ കൊണ്ടു കഴിയുന്നത്.

(നിരീക്ഷകൻ)

THE SCOPE OF NON-CONVENTIONAL ENERGY SOURCES TO MEET THE ENERGY DEMAND

DR. MADHU MANGAL

1. Introduction

At the time of independence, the installed capacity of power in India was 1362 MW, constituting only thermal and hydro. Today the demand is more than 1,00,000 MW and projected demand by 2012 is 2,40,000 MW. With depending conventional energy sources like oil, coal, and the environmental problems associated with large hydro electric projects, it has become very important to tap non-conventional energy sources like air, solar, bio, hydrogen, geo, etc.

2. Wind

From ancient times mankind has benefited from the power in the wind. Wind power was used for sailing through the seas. In India, use of wind mills dated back to 1879, Traditional wind mills were used extensively in the middle ages to mill grain and lift water. Wind energy converters are still used for these purposes today in some parts of the world, but the main focus of attention now lies with their use to generate electricity.

Wind prcesses energy due to its motion. The non-uniform heating of the earth's surface by the sum causes the circulation of air in the atmosphere. It has been estimated that 2% of the solar radiation falling on the face of the earth is converted into kinetic energy in the atmosphere and that 30% of this kinetic energy occurs in the lowest 1000m elevation. If suitably harnessed this can satisfy several times the energy demand of a country. Since wind cannot be stored, energy from wind is pumped in to the grid whenever it generates energy. During this period, energy generated by other sources like hydro, coal, nuclear, are regulated and these sources of evergy are stored for use when demand is more.

As per the studies conducted by Government of India, Ministry of Non-coventional Energy Sources (MNES), India has a potential of 45000 MW on-shore assuming 1% of land availability for wind power generation. The technical potentail has been estimated at about 13,400 MW. From an installed capacity of 32 Mw in 1990, the total installed capacity as on 30 September 2004 is 2,884 MW. Maharashra tops in potential at 3,040 MW and Tamilnadu tops in installed capacity with 1,638 MW Germany leads the world in installed capacity at 15600 MW. Inadia ranks fifth in terms of installed capacity after Germany, USA, Spain and Denmark.

Kerala has a technical potential of 605 MW for generation of electricity from wind. As on date the installed capacity of wind based generating stations is 2 MW, a demonstration farm in palakkad district. A wind farm of capacity 80 MW is to be set up at Ramakkelmedu in Idukki district which is expected to be operation in the next two years.

3. Solar

The Sun's energy can be captured and harnessed. There are three main ways of doing this namely, passive solar design , Active solar water heating and photovoltaics.

Passive solar design is the application of principles when a building is constructed to ensure

that heat loss is avoided, solar radiation is utilised and natural ventilation reduces dependency on mechanical systems such as air conditioning.

Active solar water heating uses collectors, usually on the roof of a building. These collectors capture and store the sun's heat via water storage. The collectors provide heat to water, which is circulated to a water tank.

Photovoltaics (pv) involve the conversation of energy frok light in to electricity by means of semicondutors. There are a number of PV technologies including polycrystalline, mono-crytstalline and thin film. Solar PV cells can be arranged in panels on on a buildings roof or walls and often directly feed electricity in to the building in DC form or by conversation to AC form or to the grid.

A 25 Kw grid interactive solar power plants is in operation on the roof of the headquarters building of KSEB. ANERT has set up various photovoltaic equipment including lanterns, home systems, street lights, power plants, with a combined capacity of about 2.3 MW peak. Due to sunlight of good intensity being available for only 5 hours per day and considering the monsoon, a 1MW SPV power plant can produce 1 million units of energy per annum. Solar steam cooking systems are in operation at Tirupati, Mount Abu, Trichy and Sringeri Mutt. The one at Tirupati caters to 15,000 devotees.

4. Biomass

Biomass is obtained from organicmatter either directly from plants or indirectly from industrial, commercial, domestic or agricultural products. Biomass falls in to three main groups namely woody biomass which consist of forest products, untreated wood products, waste wood, and straw, non-woody biomass like human and animal wastes, industrial and muncipal biodegradable wastes including food processing wastes and oil seeds such as mustard,wheat, barley and sugar beet sugar cane and mazine, which can be processed produce the biofuels, bioethanol and biodieseal. The use of biomass has large positive implications for the environment due to its carbon neutral status.

Woody biomass involves combustion to produce heat energy. It can also be used either solely or by co- firing in power stations to generate electricity. In industrial or agricultural use, boilers fuelled by woody biomass such as cardboard, wood and waste pallets or straw can help reduce waste removal costs.

Biomass gasifiers capable of producing power from a few KW up to 500 KW have been developed in India. They have successfully undergone stringent testing aborad, and are being exported to countries in Asia, Latin America, Euorpe and USA. A large number of installations for providing power to small scale industries and for electrification of a village or group of villages have beee undertaken by government of India, Ministry for Non- conventional energy Sources. A number of rubber sheet processing units in Kerala use bio -mass gasifiers. ANERT has installed gasifiers totaling 340 KW capacity. 30 nos. of 6 MW Biomass gasifier based power plants using rice husk are in operation in Andhra Pradesh.

Boigas, landfill gas and fermentation harness the natural process of anaerobic digestion. This is the decomposition of an organic substance by bacterial action in the absence of air and in warm and wet conditions. Biogas is generated from concentrations of sewage or manure.These are usually in the form of slurry comprising mostly water (almost 95%). The slurry is fed into a digester, either continuously or in batches. Digestion takes from about ten days up to several weeks, at a temperature of 35^0 c.

Landfill gas arises. from waste deposited underground in landfill sites. Biodegradable organic waste decompases an aerobically to produce a gas that is roughly an even mixture of carbon dioxide and methane. The methane content gives it the potential as a fuel which can then be used to generate electricity or to provide process heat. Gas is drawn up from vetical or horizontal wells through a system of pipes. The generating equipment is usually contained within the same area as the extraction plant.

In fermentation, an , aerobic digestion converts sugars in to ethonol with the use of micro - organisms, usually yeast. Biethanol can be used as a fuel by mixing it with gasoline or using it directly in a modified combustion engine. Sugar cane or beet is the most efficent source but potatoes, corn, wheat and barley can also be used.

As per rough estimates, India's urban areas generate about 30 mllion tonnes of solid waste and about 4400 million cubic meters of liquid waste every year. In addition, a large quantity of solid and liquid waste is also generated in the industrial sector. Most of this waste finds its way into rivers, ponds and lands, without proper treatment, emitting gases like methane (CH4), Carbon Dioxide (CO2), etc., resulting odour, pollution of water & air. This problems can be solved through adoption of environmnet friendly technologies for treatment and processing of waste before it is disposed off . These technologies not only reduce the quantity of wastes, but also improve its quality to meet the required pollution control standards, beside s generating a substantial quantity of energy . It is estimated that there is a potential of generating about 1700 MW of power from urban and muncipal wastes and about 1000 MW from industrial wastes in the country, which is likely to increase further with ecnomic development. In punjab, a 1 MW biogas based power plant using cow dung is in operatiion.

The oil reserves in the world is estimated to last only for another 40 years. So what has taken millions of years to form, man would have consumed in 100 years. It has become important to look at alternate ways for producing fuel.

Bio- diesel is being produced from different types of oil seeds in various countries. Indian Oil Corporation has already produced bio-diesel from non-edible oil seeds available in India. One train in the Delhi- Amritsar route is being run on an experimental basis using diesel blended with bio-diesel. Such a blend reduces pollution to a large extent due to the absence of sulpher in bio-diesel and redution in CO emission. Tamilnadu is encouraging plantation of jetropa plants for producing Bio- fuel.

Experiments are in an advanced stage at Kochi Refineries Limited for generation of bio-diesel from Rubber seed. Thus the rubber tree many become another Kalpavariksham, since its wood and the shell in its seed can be used in bio-mass gasifier and the kernel can be used to produced bio-diesel. The residue is found to be good cattle feed. Glycerine is also a by -product. It may be possible to meet the entire thermal and electrical energy needs of a rubber estate from the resources available there itself.

5. Wave

The energy conatined in ocean waves can potentailly provide an unlimited source of renewable energy. The total power of waves breaking on the world's coastlines is estimated at 2 to 3 million megawatts. In favourable locations, wave energy density can average 40 megawatts per km of coastline. Ocean waves are created by the interaction of wind with the surface of the sea. Waves are a dense form of energy compared to wind. Because water is much denser than air,

